<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703</u> <u>10-02-2025 - ൽ മറുപടിയ്ക്ക്</u>

<u>മഞ്ചേശ്വരം മണ്ഡലത്തിലെ കെ എസ് ഇ ബി സെക്ഷൻ ഓഫീസുകൾ</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. കെ. എം. അഷ്‌റഫ്</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസുകൾ ഉപ്പള, മഞ്ചേശ്വരം, വോർക്കാടി, പൈവളിക, പെർള, സീതാംഗോളി എന്നിവയാണ്. പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>സെക്ഷന്റെ പേര്</th><th>ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം</th><th>ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണ</th></tr>
<tr><td>ഉപ്പള</td><td>16996</td><td>8372</td></tr>
<tr><td>മഞ്ചേശ്വരം</td><td>14989</td><td>7383</td></tr>
<tr><td>വോർക്കാടി</td><td>12395</td><td>6106</td></tr>
<tr><td>പൈവളിക</td><td>9828</td><td>4842</td></tr>
<tr><td>പെർള</td><td>8490</td><td>4572</td></tr>
<tr><td>സീതാംഗോളി</td><td>12099</td><td>5436</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത സെക്ഷൻ പരിധികളിലെ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;</td><td>(ബി)</td><td>മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസുകൾ ഉപ്പള, മഞ്ചേശ്വരം, വോർക്കാടി, പൈവളിക, പെർള, സീതാംഗോളി എന്നിവയാണ്. പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>സെക്ഷന്റെ പേര്</th><th>ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം</th><th>ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണ</th></tr>
<tr><td>ഉപ്പള</td><td>16996</td><td>8372</td></tr>
<tr><td>മഞ്ചേശ്വരം</td><td>14989</td><td>7383</td></tr>
<tr><td>വോർക്കാടി</td><td>12395</td><td>6106</td></tr>
<tr><td>പൈവളിക</td><td>9828</td><td>4842</td></tr>
<tr><td>പെർള</td><td>8490</td><td>4572</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | സീതാംഗോളി 12099 5436 |
| (സി) | ഉപ്പള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതി നായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവ നങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബ ന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനു കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രം സ്വീകരിക്കു ന്നതിനുള്ള സംവിധാനവും ഏർപ്പെട്ടു ത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാ ക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താ ക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കു ന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ - ൽ നടന്നു വരുന്നുണ്ട്. ആയതിനാൽ ഉപ്പള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ